കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ ചീക്കോട് ഗ്രാമ പഞ്ചായത്തിന്റെ 2007-2008 മുതൽ 2010-2011 വരെയുള്ള വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.14, 3.3 എന്നിവക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സ്പെ.ധാ).നം.3531/2015/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി, 27.11.2015

---

പരാമർശം : 1. ചീക്കോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 14.07.2014 – തിയതിയിലെ എ – 9158/12 നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 21.05.2015 – തിയതിയിലെ എം3/14417/15 നമ്പർ കത്ത്

3. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 21.08.2015 – തിയതിയിലെ എൽ.എഫ്.8313/പി.റ്റി3/15 നമ്പർ കത്ത്

<u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ ചീക്കോട് ഗ്രാമ പഞ്ചായത്തിന്റെ 2007-2008 മുതൽ 2010-2011 വരെയുള്ള വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.14 പ്രകാരം ജനകീയാസൂത്രണ സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(എം.എസ്) നം.183/2007/ ത സ്വ ഭ വ) പ്രകാരം പച്ചക്കറി കൃഷിക്ക് സബ്സീഡി പണമായി നൽകാൻ പാടില്ലെന്നിരിക്കെ ഹരിത സംഘങ്ങൾക്ക് വളം വില പണമായി നൽകിയതിലൂടെ പഞ്ചായത്ത് ചെലവഴിച്ച 4,35,000 രൂപാ ( നാല്പ ലക്ഷത്തി മുപ്പത്തിയയ്യായിരം രൂപാ മാത്രം) തടസ്സപ്പെടുത്തിയിരുന്നു. ഇതേ വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അഭിവൃദ്ധിക്ക വേണ്ടി മാത്രമേ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കാവൂ എന്ന മാർഗ്ഗനിർദേശം ലംഘിച്ച് ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിക്കായി മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചതിലൂടെ ചെലവായ 2,76,079 രൂപായും ( രണ്ടു ലക്ഷത്തി എഴുപത്തിയാറായിരത്തി എഴുപത്തിയൊൻപത് രൂപാ മാത്രം) തടസ്സപ്പെടുത്തിയിരുന്നു.

നല്ല നിലയിൽ പ്രവർത്തിച്ചു വരുന്ന ഹരിതസംഘങ്ങൾ മുഖേനയാണ് കർഷകർക്ക്ജൈവവളം സംഭരിച്ചു നൽകിയതെന്നും ഈ പദ്ധതി നടപ്പിലാക്കിയതിലൂടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും പച്ചക്കറി കൃഷി വ്യാപിപ്പിക്കാനും കഴിഞ്ഞിട്ടുണ്ടെന്നും പഞ്ചായത്തിന് മേൽ ചെലവുകൾ കാരണം നഷ്ടമൊന്നും സംഭവിച്ചിട്ടില്ലാത്തതാണെന്നും പഞ്ചായത്ത് ഭരണ സമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അഭിവൃദ്ധിക്ക വേണ്ടി മാത്രമേ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കാവൂ എന്ന മാർഗ്ഗനിർദേശം ലംഘിച്ച് ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിക്കായി മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച നടപടി

............2

അറിവില്ലായ്മ മൂലം സംഭവിച്ചിച്ചതാണെന്നും ആയതിനാൽ ആയത് മാപ്പാക്കണമെന്നും പഞ്ചായത്ത് ഭരണ സമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ആയതിനാൽ ഇക്കാര്യങ്ങളിലുള്ള ഓഡിറ്റ് തടസ്സം ഒഴിവാക്കി ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം തേടുന്നതിനായും പഞ്ചായത്ത് ഭരണ സമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറും ഇക്കാര്യത്തിൽ ശുപാർശ നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ സബ്സീഡി മാർഗ്ഗരേഖയിലെ (സ.ഉ.(എം.എസ്) നം.183/2007/ ത സ്വ ഭ വ) 2.2 – ലെ നിബന്ധനകൾക്കു വിധേയമായി സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം മൂന്ന് കത്ത് പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സബ്സീഡി മാർഗ്ഗരേഖയിലെ (സ.ഉ.(എം.എസ്) നം.183/2007/ ത സ്വ ഭ വ) 2.2 – ലെ നിബന്ധന ചുവടെ ചേർക്കുന്നു. For any other item not mentioned in these guidelines, prior permission of the Government is required. Any violation of the subsidy norms would be deemed to be misutilisation of local government funds and any excess subsidy paid would be recoverable from the person(s) responsible as per the provisions of law.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്തിന് മേൽ ചെലവുകൾ കാരണം നഷ്ടമൊന്നും സംഭവിച്ചിട്ടില്ലാത്തതിനാൽ സർക്കാരിൽ നിന്നും മുൻ അനുമതി തേടിയിരുന്നില്ല, മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച നടപടി അറിവില്ലായ്മ മൂലം സംഭവിച്ചിച്ചതാണെന്നുമുള്ള പ്രസ്താവന എന്നിവ പരിഗണിച്ച് ആയത് മാപ്പാക്കി പഞ്ചായത്ത് ഭരണ സമിതി തീരുമാനം, പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ ചീക്കോട് ഗ്രാമ പഞ്ചായത്തിന്റെ 2007-2008 മുതൽ 2010-2011 വരെയുള്ള വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.14 പ്രകാരം തടസ്സപ്പെടുത്തിയിരുന്ന 4,35,000 രൂപാ ( നാലു ലക്ഷത്തി മുപ്പത്തിയയ്യായിരം രൂപാ മാത്രം), ഖണ്ഡിക 3.3 പ്രകാരം തടസ്സപ്പെടുത്തിയിരുന്ന 2,76,079 രൂപായും ( രണ്ടു ലക്ഷത്തി എഴുപത്തിയാറായിരത്തി എഴുപത്തിയൊൻപത് രൂപാ മാത്രം) എന്നിവയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇത്തരത്തിലുള്ള നടപടിക്രമങ്ങളിലെ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ പഞ്ചായത്ത് പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
റ്റി,വിജയൻ
ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, ചീക്കോട് ഗ്രാമ പഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ